15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833 | 26-07-2021 - ൽ മറുപടിയ്ക്ക്

എച്ച്.എസ്.എസ്.ടി. ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2019 മാർച്ച് 31 ന് ശേഷം വിരമിക്കൽ മൂലമുണ്ടായ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഹയർസെക്കന്ററി സ്പെഷ്യൽ റൂൾ പ്രകാരം എച്ച്.എസ്.എസ്.ടി. ഒഴിവുകൾ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനുള്ളതാണ് Qualified Juniors ന്റെ അഭാവത്തിൽ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈട്രാൻസ്ഫർ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും മാറ്റുന്നു. എല്ലാ വിഷയങ്ങളിലും Qualified Juniors ഉള്ളതിനാൽ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല. എന്നാൽ എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ Qualified Juniors ന്റെ അഭാവത്തിൽ 7 എച്ച്.എസ്.എസ്.ടി. ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി 23.02.2021 തീയതി പ്രകാരം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ മേഖലയിൽ 2010-ന് ശേഷം അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നാളിതുവരെയായും അംഗീകാരം ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2010 ന് ശേഷം അനുവദിച്ച മതിയായ എണ്ണം വിദ്യാർത്ഥികൾ നിലവിലുള്ളതുമായ എല്ലാ സ്കൂളുകളെയും ഉൾപ്പെടുത്തി തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ ഉപ.സി3/149/2018 ഉപ.ഭവ 10/08/2018 പരിപത്രം പ്രകാരം 2019 കലണ്ടർ വർഷത്തെയും ഉപ.സി3/101/2019 ഉപ.ഭവ 20/09/2019 പരിപത്രം പ്രകാരം 2020 കലണ്ടർ വർഷത്തെയും എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചും റിപ്പോർട്ട് ചെയ്ത തീയതി അനുസരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | വി.എച്ച്.എസ്.ഇയിൽ പ്രത്യേക റാങ്ക് ലിസ്റ്റ് | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | നിലവിലില്ലാത്തതിനാൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നിലവിലുള്ള എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യം പരിഗണിക്കാമോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ